റവന്യൂവും നിയമവും വകുപ്പുമന്ത്രി : ശ്രീ. കെ. എം. മാണി :

(എ) സംസ്ഥാനത്തുള്ള എല്ലാ ലക്ഷംവീട് കോളനികളിലുമായി 90208 വീടുകൾ ആണ് ഉള്ളത്.

(ബി) അറ്റകുറ്റപ്പണികൾ നടക്കാത്തതുകൊണ്ട് 90208 വീടുകളിൽ മിക്കതും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്തുകളുടെ വിശദമായ റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ് ഇതിനോടകം 149 പഞ്ചായത്തുകൾ കോളനികളുടെ നവീകരണത്തിനുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്.

(സി) 360.832 കോടി രൂപയുടെ ഒരു പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

ലക്ഷം വീടുകളുടെ പുനർനിർമ്മാണം

25 [*142] ശ്രീ. എൻ. രാജൻ :

„ പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ലക്ഷംവീടുകൾ" പുനർനിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ വാസയോഗ്യമായ എത്ര ലക്ഷം വീടുകളുണ്ട് ; യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം നശിച്ചുപോയവ എത്ര;

(സി) എത്ര കാലയളവിനുള്ളിൽ ഇവ പുനർ നിർമ്മിക്കുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി : ശ്രീ. കെ. എം. മാണി :

(എ) ഉണ്ട്. ഇരട്ട വീടുകൾ ഒറ്റവീടുകൾ ആക്കുന്നതിനും ഒറ്റവീടുകൾ നവീകരിക്കുന്നതിനുമായിട്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 30.25 ച.മി. വിസ്തീർണ്ണമുള്ളതും 40,000 രൂപ ചെലവു പ്രതീക്ഷിക്കുന്നതുമായ ഒരു മാതൃകാ പ്ലാൻ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി വരുന്ന തുകയുടെ 50% പഞ്ചായത്ത്/സന്നദ്ധസംഘടനയും ബാക്കി 50% തുകയായ 20,000 രൂപ സർക്കാർ ഗ്രാന്റായും നൽകുന്ന ഒരു പദ്ധതിയാണ് ഭവന നിർമ്മാണബോർഡ് വഴി നടപ്പിലാക്കുന്നത്. ഈ വർഷം (2004-05) 2500 ലക്ഷം വീടുകൾക്കായി 5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ടും കാലപ്പഴക്കം കൊണ്ടും മിക്കവീടുകളും വാസയോഗ്യമല്ല നിലവിലുള്ള 1972 കാലഘട്ടത്തിൽ നിർമ്മിച്ച 90208 ലക്ഷം വീടുകളും നവീകരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിരിക്കുന്നു. എന്നാൽ ഭവന നിർമ്മാണ ബോർഡ് ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികാരികളും ചേർന്ന് സ്ഥല പരിശോധന നടത്തി നവീകരിക്കേണ്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയതിനുശേഷമാണ് പണി ആരംഭിക്കുന്നത്.

(സി) 2004-2005-ൽ പദ്ധതി ആരംഭിച്ച അടുത്ത 3 വർഷം കൊണ്ട് പദ്ധതി പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly